**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2664

10/07/2015 - ൽ മറുപടിക്ക്

**കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (KURDFC) രൂപീകരിക്കുമെന്ന 2014-15 ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; | (എ) | കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ 1970 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. 2004 ൽ ഈ സ്ഥാപനത്തെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനായി (കെ.യു.ആർ.ഡി.എഫ്.സി) പേരു മാറ്റി പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഈ കോർപ്പറേഷന്റെ പ്രവർത്തന മേഖല വിശദമാക്കാമോ; എന്തൊക്കെ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ; | (ബി) | കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി വായ്പ നൽകുക എന്നതാണ് കെ.യു.ആർ.ഡി.എഫ്.സി. യുടെ കർത്തവ്യം. |
| (സി) | കോർപ്പറേഷൻ ആസ്ഥാനം എവിടെ സ്ഥിതി ചെയ്യുന്നു എന്നറിയിക്കാമോ? | (സി) | കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.